നം.കെ.എസ്.എ-കെ.ടി.എം.പി6/1011/2019 തീയതി : 23.08.2019

# കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോട്ടയം ജില്ലയിലെ **വെച്ചൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.07.2018 മുതൽ 31.05.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ആകെ 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 4.06.2019 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹഗ്രേ)** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.06.2019 മുതൽ 04.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ് ആർ. | ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ശകുന്തള പി. | 1.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീ.സന്തോഷ് കുമാർ ജി. | 1.04.2018-31.03.2019 |
| | ശ്രീ.ചന്ദ്രഭാനു എം.പി.<br>(അസിസ്റ്റന്റ് സെക്രട്ടറി-സെക്രട്ടറി ഇൻ ചാർജ്ജ്) | 16.07.2018-14.08.2018 |

## മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ജൂലി ലൂക്ക് | 1.04.2018-31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.ധന്യ എസ്. രാജൻ | 1.04.2018-31.03.2019 |
| വി.ഇ.ഒ | ശ്രീമതി പ്രിയ എസ്. | 1.04.2018-31.03.2019 |
| | ശ്രീമതി ആശാ ശ്രീധരൻ | 1.04.2018-1.12.2018 |
| | ശ്രീ.റോമി കെ.ഡി. | 1.12.2018-31.03.2019 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ജി.ഐ.സ്വപ്ന | 1.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുനിൽ എ.വി. | 1.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ബലരാജ് എസ്. | 1.04.2018-31.03.2019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സോണിയ വി.എസ്. | 1.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി മായാദേവി പി.ആർ. | 1.04.2018-07.03.19 |
| | ശ്രീമതി ഗീതു എസ്. | 08.03.2019-31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി അഞ്ജന പി.വി. | 1.04.2018-25.11.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മനോജ്കുമാർ എം. | 25.11.2018-31.08.2018 |
| ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി പ്രീതി സി. | 1.04.2018-31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ചന്ദ്രഭാനു എം.പി. | 1.04.18-31.01.19 |
| | ശ്രീമതി മിനി കെ.കെ. | 14.02.19-31.03.2019 |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ മുഴുവൻ വിസ്തീർണ്ണവും പരിഗണിച്ചില്ല |
| 2-2-1 | തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-3-1 | സംരംഭക ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-4-1 | ക്രമവൽക്കരണ ഫീസ് ഈടാക്കാതെ മൊബൈൽ ടവറുകൾക്ക് നമ്പർ അനുവദിച്ചു |
| 2-4-2 | ബോട്ട്ജെട്ടി നിർമ്മാണത്തിന് ഭൂവികസന പെർമിറ്റ്-അനുമതിയിലും കൂടുതൽ മണ്ണ് നീക്കം ചെയ്തു |
| 2-5 | ഇ-ടെൻഡർ-ടെൻഡർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വാട്ടർ പൈപ്പുകൾ നിർത്തലാക്കൽ-വെള്ളക്കരമടവിൽ കുറവുണ്ടാകാത്തത്-പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| 3-2 | അങ്കണവാടി നിർമ്മാണം-നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് |
| 3-3 | നിക്ഷേപപ്രവൃത്തികൾക്ക് നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല |
| 3-4 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ-തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല |
| 3-5 | ജീവിതശൈലീ രോഗനിർണ്ണയ സ്ക്രീനിംഗ് ക്യാമ്പ്-പ്രോജക്ട് നിർവ്വഹണത്തിന്റെ തുടർ വിവരങ്ങൾ ലഭ്യമല്ല |

| | |
|---|---|
| 3-6 | വിവിധ വാർഡുകളിലെ കോളനികളിൽ തുമ്പോർമുഴി മോഡൽ എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ്-നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 3-7 | മരുന്ന് ലഭ്യമായില്ല |
| 3-8 | ബസ്സ്റ്റാൻഡ് നിർമ്മാണത്തിനായുള്ള ഭൂമി--നാളിതുവരെ പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കാത്തത് |
| 3-9 | ഗോവർദ്ധനം പ്രോജക്റ്റ്-മാർഗ്ഗരേഖ പാലിക്കാതെ നിർവ്വഹണം നടത്തി, ഗോക്കളെ വാങ്ങിയതിന്റെ രേഖകളില്ല-തുക തടസ്സപ്പെടുത്തുന്നു |
| 3-10 | ഗുണഭോക്തൃ സമിതി നിർവ്വഹിച്ച പ്രോജക്ടുകൾ-കൺവീനർക്ക് അധികതുക നൽകി |
| 3-11 | ജി.എസ്.ടി. ഈടാക്കിയിട്ടില്ല-കരാറുകാർക്ക് അധികതുക നൽകി |
| 3-12 | ലൈഫ് ഭവന പദ്ധതി അവലോകനം |
| 3-13 | കൊട്ടുരുത്ത്-മറ്റം-എസ്.എൻ.ഡി.പി. വളച്ചക്കരി വെച്ചൂർ റോഡും കലിങ്കും-ലോകബാങ്ക് ധനസഹായം പൂർണ്ണമായും നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടു. യഥാർത്ഥ വേലമൂല്യത്തിലധികം തുക ചെലവഴിച്ചു. നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിച്ചില്ല. |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 58,33,514 | 20,63,340 |
| വരവ് | 15,24,75,283 | 6,18,78,714 |
| | | |

| | | |
|---|---|---|
| ആകെ | 15,83,08,797 | 6,39,42,054 |
| ചെലവ് | 15,53,50,764 | 6,06,09,868 |
| നീക്കിയിരിപ്പ് | 29,58,033 | 3332186 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല.അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങുകയും പുതുക്കുകയും ചെയ്യേണ്ടതാണ്. സാമ്പത്തികവർഷത്തിനിടയ്ക്ക് ഇപ്രകാരം സപ്ലിമെന്ററി ഡിമാൻഡ് പ്രകാരം ബജറ്റ് പുതുക്കിയിട്ടില്ലെങ്കിലും 19-20 വർഷത്തെ ബജറ്റ് അവതരണത്തോടനുബന്ധിച്ച് 18-19ലെ പുതുക്കിയ ബജറ്റ്(Revised Budget)തയ്യാറാക്കി അംഗീകാരം തേടിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15.05.2019 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 27.05.2019-28.05.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 03.06.2019ലെ കെ.എസ്.എ-കെ.ടി.എം.പി6/749/19 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20,63,340 |
| വരവ് | 6,18,78,714 |
| ആകെ | 6,39,42,054 |
| ചെലവ് | 6,06,09,868 |
| നീക്കിയിരിപ്പ് | 33,32,186 |

# 1-5 ഫണ്ട് വിനിയോഗം

**എ)**

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,41,27,665 | 1,41,27,665 | 1,33,63,129 | 7,64,536 | 94.58 |
| വികസനഫണ്ട് എസ്.സി.പി. | 0 | 55,51,000 | 55,51,000 | 42,18,811 | 13,32,189 | 76.0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 51,000 | 51,000 | 31,500 | 19,500 | 61.76 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 76,95,000 | 76,95,000 | 46,65,271 | 30,29,729 | 60.62 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 28,06,000 | 28,06,000 | 27,06,952 | 99,088 | 94.46 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 63,87,000 | 63,87,000 | 34,20,571 | 29,66,429 | 53.55 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 18,26,493 | 18,26,493 | 0 | 18,26,493 | 0 |
| എം.ജി.എൻ.ആർ.ഇ. ജി.എസ്. | 432 | 3,35,85,528 | 3,35,84,154 | 33,55,85,960 | 1,806 | 99.9 |
| ബി ഫണ്ട് | 0 | 3,66,17,748 | 3,66,17,748 | 3,66,17,748 | 0 | 100 |
| സമ്പൂർണ്ണ ശുചിത്വം | 22,41,918 | 6,08,956 | 28,50,874 | 10,35,155 | 18,15,719 | |
| ഐ.സി.ഡി.എസ്. | 5,50,613 | 3,47,075 | 8,97,688 | 4,50,000 | 4,47,688 | |
| സാക്ഷരത | 16,123 | 627 | 16,750 | 4,924 | 11,826 | |
| പ്രത്യേക ഉദ്ദേശഗ്രാന്റ് | 1,20,000 | 1,20,000 | 1,32,000 | - | 1,32,000 | |
| സംയുക്ത പ്രോജക്ടുകൾ(ജില്ലാ പഞ്ചായത്ത്) | 8,20,596 | 30,79,735 | 39,00,331 | 36,99,041 | 2,01,290 | |
| സംയുക്ത പ്രോജക്ടുകൾ(ബ്ലോക്ക് പഞ്ചായത്ത്) | 20,118 | 16,85,205 | 17,05,423 | 16,85,305 | 20,118 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4,77,972 | 79,74,254 | 84,52,226 | 74,97,849 | 4,54,377 | |
| തനതുഫണ്ട് (R/P ഷെഡ്യൂളുകൾ പ്രകാരം) | - | 34,83,420 | - | 50,66,279 | തനതുഫണ്ടിന്റെ മാത്രമായ നീക്കിയിരിപ്പ് കൃത്യമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. | |

**ബി) വിനിയോഗിക്കാതെ നഷ്ടമായ ഫണ്ടുകളുടെ വിശദാംശങ്ങൾ**

| ഫണ്ടിനം | വിനിയോഗിയ്ക്കാത്ത തുക |
|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 7,64,536 |
| | |

| | |
|---|---|
| വികസനഫണ്ട്-എസ്.സി.പി. | 13,32,189 |
| വികസനഫണ്ട്-ടി.എസ്.പി. | 19,500 |
| സംരക്ഷണഗ്രാന്റ് റോഡ് | 30,29,729 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 29,66,429 |
| കെ.എൽ.എസ്.ജി.ഡി.പി. | 18,26,493 |
| **ആകെ** | **1,00,37,964** |

ഓഡിറ്റ് വർഷം ഡി.പി.സി. അംഗീകാരം ലഭിച്ച 48 പദ്ധതികൾ നടപ്പാക്കിയിട്ടില്ല. തുക വകയിരുത്തിയിട്ടും പ്രാഥമിക പരിഗണന അർഹിക്കുന്ന പല പ്രോജക്ടുകളും നിർവ്വഹണം നടത്താത്തതിനുള്ള കാരണവും വ്യക്തമാക്കിയിട്ടില്ല. ആവശ്യകതാ നിർണ്ണയം നടത്തി പ്രോജക്ടുകൾ രൂപീകരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അംഗീകാരം ലഭിച്ച പദ്ധതികൾ നിർവ്വഹണം നടത്തുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവർ ജാഗ്രത പുലർത്തേണ്ടതുമാണ്. കൂടാതെ ഭേദഗതിയില്ലാതെ സ്പിൽ ഓവർ പ്രോജക്ടുകളുടെ ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും തിരികെ ലഭ്യമാകാത്തതിനാൽ വർഷാവസാനം വിനിയോഗിക്കാത്ത തുക ആത്യന്തികമായി നഷ്ടമാവുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നു. തൻവർഷം ഇപ്രകാരം നഷ്ടമായത് 1.004 കോടി രൂപയാണ്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകയുടെ വിനിയോഗത്തിലെ കുറവ് മൂലമുള്ള നഷ്ടം അപരിഹാര്യമായതിനാൽ ഇത്തരം നഷ്ടം ഒഴിവാക്കാൻ പദ്ധതി ആസൂത്രണ/നിർവ്വഹണ പ്രക്രിയകളുടെ സമയക്രമം കർശനമായി പാലിക്കേണ്ടതും നിർവ്വഹണത്തിലെ സാങ്കേതിക തടസ്സങ്ങൾ ലഘൂകരിക്കേണ്ടതുമാണ്.

## 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) രണ്ടാം വാർഷികപദ്ധതിയാണ് 2018-19 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ ജി.ഒ.(എം.എസ്)22/2018 തീയതി 14.02.2018 നമ്പരായി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 06.03.18 ൽ 14 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്)പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ 22.02.18ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 12.03.18 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.03.18 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2018-19 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 490-/18-/DPC/DPO/KTM തീയതി 1.03.2019.

ആകെ അടങ്കൽ 8,94,69,928 രൂപ.

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും.

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| ജനറൽ | ഉത്പാദനം | 11 | 11 | 69,99,598 | 51,72,598 | 73 |
| | സേവനം | 43 | 35 | 4,97,95,818 | 2,45,52,001 | 49 |
| | പശ്ചാത്തലം | 71 | 35 | 1,97,98,848 | 74,68,541 | 37 |
| എസ്.സി.പി | ഉത്പാദനം | -- | -- | -- | -- | |
| | സേവനം | 11 | 11 | 1,19,26,857 | 58,61,731 | 49 |
| | പശ്ചാത്തലം | 4 | 1 | 8,94,807 | 97,111 | 10 |
| റ്റി.എസ്.പി | ഉത്പാദനം | 2 | 1 | 4,35,000 | 2,40,000 | 55 |
| | സേവനം | 1 | 1 | 10,500 | 10,500 | 100 |
| | പശ്ചാത്തലം | -- | -- | | | |
| | **ആകെ** | **143** | **95** | **8,94,69,928** | **4,31,86,482** | **48** |

ആകെ 95 പ്രോജക്റ്റുകൾ നടപ്പിലാക്കി അംഗീകാരം ലഭിച്ച 48 പ്രോജക്റ്റുകൾ ഉപേക്ഷിച്ചു. 48 ശതമാനമായിരുന്നു ചെലവ്, എസ്.സി.പി ഫണ്ട് വിഹീതം പശ്ചാത്തല മേഖലയിലും റ്റി.എസ്.പി ഫണ്ട് വിഹിതം ഉത്പാദന-സേവനമേഖലയിലും വകയിരുത്തിയിട്ടില്ല. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>**

അംഗീകാരം ലഭിച്ച 143 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 13 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 3 | 3 | 30,90,000 | 30,90,000 | 100 |
| 2. | വെറ്ററിനറി സർജൻ | 4 | 4 | 24,00,000 | 9,48,000 | 4 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 3 | 3 | 9,00,000 | 7,99,689 | 89 |
| 4. | വി.ഇ.ഒ. | 3 | 3 | 10,60,000 | 8,46,400 | 79 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 6,00,000 | 6,00,000 | 100 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 3 | 3 | 19,63,766 | 19,57,715 | 99.69 |
| 7 | സെക്രട്ടറി | 23 | 21 | 76,04,962 | 67,87,092 | 89 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 76 | 33 | 2,21,14,712 | 69,50,579 | 31 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 16,18,880 | 12,95,171 | 80 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 8,66,748 | 5,91,748 | 68 |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 2,66,850 | 2,66,850 | 100 |
| 12 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 1,75,000 | 1,75,000 | 100 |
| 13 | വി.ഇ.ഒ. | 14 | 13 | 4,68,09,010 | 1,88,78,238 | 40 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 143 | 95 | 8,94,69,928 | 4,31,86,482 | 48. |

ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ പതിവു ശൈലിയിലുള്ള വിത്തുനൽകൽ, പച്ചക്കറിയ്ക്ക് കൂലിചെലവ്, നെൽകൃഷിയ്ക്ക് കൂലിചെലവ് എന്നീ പ്രോജക്ടുകൾ മാത്രമാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്. കാർഷികമേഖലയിൽ പ്രോജക്ട് കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവ്വഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ, പെണ്ണാട് വളർത്തൽ പദ്ധതി തുടങ്ങിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവഹണം നടത്തിയത്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തുന്നുണ്ട്. കൂടാതെ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പിലാക്കിയ ക്യാൻസർ രോഗികൾക്ക് ഭക്ഷണം നൽകൽ എന്ന പ്രോജക്ട് മാതൃകാപരമായിരുന്നു.

എസ്.സി., പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി ലൈഫ് മിഷൻ, ബയോഗ്യാസ് പ്ലാന്റ് ധനസഹായ്, ഗാർഹിക കുടിവെള്ളകണക്ഷൻ, പഠനമുറി തുടങ്ങിയ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വി.ഇ.ഒ യാണ് നിർവഹിച്ചത്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് പ്രോജക്ടുകൾ വയ്ക്കുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്ന് അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഓഡിറ്റ് ടീമിന് ബോദ്ധ്യപ്പെട്ടു.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ അനുബന്ധ പ്രവർത്തനങ്ങൾ, അങ്കണവാടി ജീവനക്കാർക്ക് അധികവേതനം, കെ.എസ്.ഇ.ബി.യിലും വാട്ടർ അതോറിട്ടിയിലും നിക്ഷേപപ്രവൃത്തികൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവയായിരുന്നു. കൂടാതെ ഐ.കെ.എം പ്രവർത്തന ഫണ്ട്, തെരുവ് വിളക്കുകൾ മെയിന്റനൻസ്, തുടങ്ങിയ പ്രോജക്ടുകളും സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്. ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പ്രോജക്ട് മികച്ച രീതിയിൽ നടപ്പിലാക്കി.

പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ചത്. ടി പ്രോജക്ടുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്. ഡയറിഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ 'ഗോവർദ്ധനം' പ്രോജക്ട് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് നടപ്പിലാക്കിയത്.

<u>പൊതുമരാമത്ത് പ്രവൃത്തികൾ- ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പോരായ്മകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2018-19 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 76 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 33 എണ്ണം മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ. 2,21,14,712 രൂപ വകയിരുത്തിയതിൽ 6,95,057 രൂപ ചെലവഴിച്ചിട്ടുണ്ട് (30%ചെലവ്) സമയബന്ധിതമായും ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെയും പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണത്തിന്റെ ഭീമഭാഗവും പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 33 പ്രവർത്തികളിൽ 75% പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ആറ് അങ്കണവാടികളിൽ നവീകരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ സഭയിലാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരു പരിധിവരെ ഉത്തേജനമായിട്ടുണ്ട്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 13 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 1602 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 384 പ്രോജക്ടുകളിൽ 273 എണ്ണം തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 118065 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1960 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തൊഴുത്തുനിർമ്മാണം, കക്കൂസ് നിർമ്മാണം, തോട് ആഴം കൂട്ടൽ എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2018-19 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വെച്ചൂർ ശാഖയിലെ 67062031869 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

| ഇനങ്ങൾ | തുക | ആകെ തുക |
|---|---|---|
| മുന്നിരിപ്പ് | 432 | 432 |
| വരവ് | | |
| ഇ.എഫ്.എം.എസ് വരവ് | 3,28,27,639 | |
| ഭരണപരമായ ചെലവുകൾ | 7,54,650 | |
| ബാങ്ക് പലിശ | 3,239 | |

| | | |
|---|---|---|
| **ആകെ** | | **3,35,83,960** |
| **ചെലവ്** | | |
| ലേബർ ഇൻസെന്റീവ് | 3,16,92,945 | |
| മെറ്റീരിയൽ കോസ്റ്റ് | 11,34,694 | |
| അഡ്മിനിസ്ട്രേഷൻ കോസ്റ്റ് | 27,157 | |
| ശമ്പളം | 6,48,358 | |
| മറ്റിനങ്ങൾ | 81,000 | |
| **ആകെ** | 3,35,84,154 | **3,35,84,154** |
| **നീക്കിയിരിപ്പ്** | 1,806 | **1,806** |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,39,200 | 256 |
| കർഷകതൊഴിലാളി പെൻഷൻ | 1,05,04,900 | 829 |
| വിധവാപെൻഷൻ | 59,11,000 | 504 |
| വാർദ്ധക്യകാലപെൻഷൻ | 1,46,25,900 | 1312 |
| വികലാംഗപെൻഷൻ | 31,97,800 | 249 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 4,88,400 | 27 |
| വിവാഹധനസഹായം | 1,20,000 | 4 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

**വെച്ചൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2019 തീയതിയിൽ 3:30 പി.എം.ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 8,085 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. **വെച്ചൂർ** ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ(ISO certification) 95%വും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

**ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു**

1) സ്ഥാപനത്തിന്റെ വരുമാനവും നിയന്ത്രണ സംവിധാനവും വിലയിരുത്തേണ്ട ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാസാന്ത്യ വരവുചെലവ് കണക്ക് പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയൊഴികെയുള്ള വരവിനങ്ങളുടെ കാര്യത്തിൽ ഇടപെടലോ വിലയിരുത്തലോ നടത്തുന്നില്ല. വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്നും എല്ലാ വരവ് സ്രോതസ്സുകളും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ടോയെന്നും പരിശോധിക്കപ്പെടുന്നില്ല.

2) പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും വീഴ്ച വരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമായി നടപ്പിലാക്കാതിരുന്നതിനാൽ മിക്ക പ്രോജക്ടുകളും തൻവർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

3) ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പുതിയതായി നിർമ്മിച്ച കെട്ടിടങ്ങൾ, റോഡുകൾ എന്നിവ ചേർത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഭൗതിക പരിശോധന നടത്തുന്നില്ല.

4) ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനുവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. മേൽ സൂചിത നിബന്ധനകൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്.

5) സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രോജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് കാണുന്നു.

6) നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്തിയിട്ടില്ല.

മേൽപറഞ്ഞ പോരായ്മകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ സൂചിത ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിയ്ക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.05.2019 | 3/2019, 4/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.01.2018 | 6/2012-2016-17 | LBA(HQ)II/8A- |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ജി.ഒ.(എം.എസ്)152/11/തസ്വഭവ/26.07.11 പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്ന തുകകളുടെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല. പഞ്ചായത്ത് ഫണ്ടിന്റെ കൃത്യതയും ഉറപ്പാക്കാനായിട്ടില്ല.

1. വസ്തുനികുതിയിനത്തിലെ വാർഷികകണക്കുകൾ പ്രകാരമുള്ള ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിസിബിയുമായി പൊരുത്തപ്പെടുന്നില്ല.
2. ബാലൻസ് ഷീറ്റിലെ ലൈബ്രറി സെസിനത്തിലെ തുക വസ്തുനികുതി കുടിശ്ശികയുടെ 5% എന്ന കൃത്യത പുലർത്തുന്നില്ല.
3. ബി-4 ഷെഡ്യൂളിലെ 320300309 litercy scheme grant, 320200399 grants funds and contributions for specific purposes, 320300199 grants funds and contributions-other govt agencies, 320700105 district panchayath share, 320700204 block panchayath share എന്നീ ശീർഷകങ്ങളിൽ വർഷങ്ങൾക്ക് മുമ്പ് ലഭിച്ച തിരിച്ചറിയാനാകാത്ത തുകകൾ നിലനിൽക്കുന്നു.
4. ബി- 7 ഷെഡ്യൂളിലെ 340100101 contractors earnest money deposit, 340100102 suppliers EMD, 340100201 contractors security deposit, 340100301 contractors retention, 340100302 suppliers retention, 340109901 other deposit, 340200102 auction deposit 340200199 0ther deposits -revenue എന്നീ ശീർഷകങ്ങളിൽ 2013 മുതലുള്ള തുകകൾ നിലനിൽക്കുന്നു. കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.
5. ബി-9 ഷെഡ്യൂളിലെ 350200203 KCWWFഎന്ന ശീർഷകത്തിൽ 2013 മുതലുള്ള തുകയും 350300199 govt and other dues എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിലെ ഇഎംഎസ് പദ്ധതി തുകകളും ഉൾപ്പെടുന്നു. തുകകൾ യഥാവിധി തിരിച്ച് അടവാക്കിയിട്ടില്ല.
6. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. ഗുണഭോക്തൃവിഹിതം നേരിട്ട് അടവാക്കുന്ന പ്രോജക്ടുകളിൽ പ്രസ്തുത തുക I-14 പട്ടികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## <u>ഭാഗം -2</u>

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ മുഴുവൻ വിസ്തീർണ്ണവും പരിഗണിച്ചില്ല

14.01.2011-ലെ ജി.ഒ.(പി)നം.19/2011/ത.സ്വ.ഭ.വ.യുടെ അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി 2013-14 ഒന്നാം അർദ്ധവർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ തറ വിസ്തീർണ്ണം കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു. മൊബൈൽ ടവറുകളുടെ നികുതിനിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങളെല്ലാം ഉൾപ്പടെയുള്ള വിസ്തീർണ്ണം പരിഗണിച്ചല്ല നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്ന് 02.07.2019-ൽ പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രഥമദൃഷ്ട്യാ വ്യക്തമായിട്ടുണ്ട്. സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട ടവറുകളുടെ വിസ്തീർണ്ണത്തിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ടവർകമ്പനി | സഞ്ചയ പ്രകാരം തറ വിസ്തീർണ്ണം (ച.മീ) | സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ട വിസ്തീർണ്ണം (ച.മീ)(ഏകദേശം) |
|---|---|---|---|
| IX/78 | ഭാരതി ലിമിറ്റഡ് | 2.1 | 70 |
| IX/97 | ബിഎസ്എൻഎൽ | 2.1 | 13 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിലുള്ള പിഴവുമൂലം വസ്തുനികുതി ഡിമാന്റിലുണ്ടായ കുറവിനും തൻമൂലം വരുമാനം നഷ്ടമായതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/02.07.19) മറുപടിയായി ഗ്രാമപഞ്ചായത്തിലെ എല്ലാ മൊബൈൽ ടവറുകളുടേയും തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽപറഞ്ഞതുൾപ്പെടെ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി നിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങളെല്ലാം ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള വിവരം എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പരിശോധിക്കേണ്ടതും വിസ്തീർണ്ണം കണക്കാക്കിയതിൽ അപാകതയുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിച്ച് കുടിശിക സഹിതം ഈടാക്കേണ്ടതുമാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.10.2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം. 40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃതമൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് പ്രത്യേക സ്പെഷ്യൽ ഡ്രൈവ് ദൗത്യം ഏറ്റെടുക്കേണ്ടതുമാണ്. ഏതൊരു കെട്ടിടത്തിന്റെയും നിർമ്മിതിയുടെയും വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യതയെ പ്രാഥമികമായി ഉറപ്പാക്കുന്ന ഘടകം പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന്റെ ശരിയായ നിർണ്ണയമാണ്. ആയതിനാൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം പരിശോധനയിലൂടെ ഉറപ്പ് വരുത്തുന്ന നടപടികളിലോ സംവിധാനങ്ങളിലോ അപാകത നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2-1 തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽനിന്ന് തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്ന് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വർഷം |
|---|---|---|
| **സ്ഥാപനതൊഴിൽ നികതി ഈടാക്കിയിട്ടില്ല.** | | |
| 1 | പുളിമൂട്ടിൽ ഫൈനാൻസ്, അംബികാമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | കക്കാ സൊസൈറ്റി ചർച്ച് റോഡ്, അംബികാമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | ക്ഷീരോദ്പ്പാദന സഹകരണ സംഘം, അംബികാമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | കയർ വ്യവസായ സഹകരണ സംഘം, അംബികാമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധ വർഷം |
| **ജീവനക്കാരിൽ നിന്നും തൊഴിൽ നികതി ഈടാക്കിയിട്ടില്ല.** | | |
| 1 | വി വി എസ് എന്റർപ്രൈസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | കയർ വ്യവസായ സഹകരണ സംഘം, അംബികാമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | കക്കാ സൊസൈറ്റി ചർച്ച് റോഡ്, അംബികാമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | കക്കാ സൊസൈറ്റി ചർച്ച് റോഡ്, അംബികാമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധ വർഷം |

## 2-3-1 സംരംഭക ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്ന തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടുള്ളതായി രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നില്ല. ഈ സ്ഥാപനങ്ങൾ ഈകാലയളവിൽ തുറന്ന് പ്രവർത്തിക്കാതിരുന്നതിനാലാണ് ലൈസൻസ് എടുക്കാതിരുന്നത്എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. നിലവിൽ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ജേക്കബ് ആന്റണി, ജെ&ജെ ടയർ വർക്സ് |

| | |
|---|---|
| 2 | ശ്രീപ്രീയ, ഫോട്ടോസ്റ്റാറ്റ് കട |
| 3 | ഗോപി, കെട്ടിടങ്ങളുടെ പ്ലാൻ |
| 4 | മീരാറാണി, സ്റ്റേഷനറിഒന്നും രണ്ടും അർദ്ധ വർഷം |
| 5 | രഞ്ചൻ, തട്ടാപറമ്പിൽ, ഹോട്ടൽ ഒയാസിസ് |
| 6 | ജോയിച്ചൻ, ഷാരോൺ നിവാസ്, ഹോട്ടൽ |
| 7 | മാവേലി സ്റ്റോർ |
| 8 | റേഷൻ കടകൾ |
| 9 | ക്ഷീരോദ്പ്പാദന സഹകരണ സംഘം, അംബികാമാർക്കറ്റ് |
| 10 | സ്വാദി ഹോട്ടൽ, അംബികാമാർക്കറ്റ് |
| 11 | പുളിമൂട്ടിൽ ഫൈനാൻസ്, അംബികാമാർക്കറ്റ് |

## 2-4-1 ക്രമവൽക്കരണ ഫീസ് ഈടാക്കാതെ മൊബൈൽ ടവറുകൾക്ക് നമ്പർ അനുവദിച്ചു

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 130(6) പ്രകാരം മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും 2018-19 വർഷം നമ്പർ നൽകിയ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി കഴിഞ്ഞിരുന്നിട്ടും ക്രമവൽക്കരണ ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ടവർ കമ്പനി | കെട്ടിട നമ്പർ | പെർമിറ്റ് നം./തീയതി |
|---|---|---|---|
| 1 | എറ്റിസി ടെലികോം ടവർ കോർപ്പറേഷൻ | I/147G | A3/236/15/25.02.15 |
| 2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | XII/283C | A3-7774/16/10.01.17 |

1. <u>എറ്റിസി ടെലികോം ടവർ കോർപ്പറേഷൻ</u>

പ്രസ്തുത ടവറിന് നമ്പർ അനുവദിക്കുന്നതിനായി 05.04.15ൽ അപേക്ഷ നൽകിയെങ്കിലും 13.05.15 ലെ A3-4185/15 നമ്പർ കത്ത് പ്രകാരം വാടക കരാർ രജിസ്റ്റർ ചെയ്ത് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും തുടർന്ന് 06.04.16 ലെ ഇതേ നമ്പർ കത്തിലൂടെ ARAI സർട്ടിഫിക്കേഷനുള്ള ജനറേറ്റർ സ്ഥാപിക്കേണ്ടതാണെന്നും പഞ്ചായത്തിൽ നിന്നും സ്ഥാപനത്തെ അറിയിച്ചിരുന്നു. പഞ്ചായത്തിൽ നിന്നും നമ്പർ വാങ്ങാതെ അനധികൃതമായി ടവർ പ്രവർത്തിക്കുന്നതിനാൽ രേഖകൾ സഹിതം അടിയന്തിരമായി പഞ്ചായത്തിൽ ഹാജരാകുവാൻ കമ്പനിയ്ക്ക് 05.10.17 ൽ അറിയിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വീണ്ടും 04.07.2018ൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനം അടച്ച് പൂട്ടാതിരിക്കുവാൻ എന്തെങ്കിലും കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ 7ദിവസത്തിനകം അറിയിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് അപാകതകൾ പരിഹരിച്ചതായി കമ്പനിയിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടവറിന് നമ്പർ അനുവദിച്ചിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് കെട്ടിട നമ്പർ വാങ്ങാതെ തന്നെ കെ.എസ്.ഇ.ബിയിൽ നിന്നും കണക്ഷനെടുത്ത് ടവർ അനധികൃതമായി പ്രവർത്തിപ്പിക്കുകയും ഇത് സംബന്ധിച്ച് സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകുകയും ചെയ്ത സാഹചര്യത്തിൽ നമ്പർ നൽകി ക്രമവൽക്കരിച്ചപ്പോൾ ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/01.07.19) പെർമിറ്റ് കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് അപേക്ഷ സമർപ്പിച്ചതിനാലാണ് ക്രമവൽക്കരണ ഫീസ് ഈടാക്കാത്തതെന്നും അനധികൃതമായി നടത്തിയതിനാൽ ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ ടവറിന്റെ ക്രമവൽക്കരണ ഫീസ് 30,000(10000X3) രൂപ ഈടാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്</u>

പ്രസ്തുത ടവറിന് നമ്പർ ലഭിക്കുന്നതിനായി 28.04.17 ൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും സ്ഥലപരിശോധന നടത്തിയ ഓവർസിയർ പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തതിനാൽ നമ്പർ അനുവദിച്ചിരുന്നില്ല. പിന്നീട് പണി പൂർത്തീകരിച്ചതായി 11.07.18 തീയതിയിൽ കമ്പനിയിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടവറിന് നമ്പർ അനുവദിച്ചിട്ടുള്ളത്. 10.01.17 ൽ അനുവദിച്ചിരുന്ന പെർമിറ്റിന്റെ കാലാവധി

09.01.18 ൽ അവസാനിച്ചിരുന്നു. എന്നാൽ സ്ഥാപനം പെർമിറ്റ് പുതുക്കുന്നതിനോ കാലാവധി നീട്ടുന്നതിനോ അപേക്ഷ നൽകാതിരുന്ന സാഹചര്യത്തിൽ നമ്പർ നൽകിയപ്പോൾ ക്രമവൽക്കരണ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/01.07.19) മറുപടിയായി പെർമിറ്റ് കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് അപേക്ഷ സമർപ്പിച്ചതിനാലാണ് ക്രമവൽക്കരണ ഫീസ് ഈടാക്കാത്തതെന്നും അനധികൃതമായി നടത്തിയതിനാൽ ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 125(2) പ്രകാരം ഓരോ വാർത്താവിനിമയ ഗോപുരവും അന്താരാഷ്ട്ര തലത്തിൽ അംഗീകരിച്ചിട്ടുള്ള ഓറഞ്ച് നിറവും വെള്ളനിറവും കൊണ്ട് പെയിന്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ പണിപൂർത്തിയാക്കാതെയാണ് ആദ്യം പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കി നമ്പറിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. 09.01.18 ൽ പെർമിറ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ അതിനുശേഷം നമ്പർ അനുവദിച്ചപ്പോൾ പെർമിറ്റ് ഇല്ലാതെ പണി പൂർത്തിയാക്കിയതായി കണക്കാക്കി ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതായിരുന്നു. മേൽ സാഹചര്യത്തിൽ ടവറിന്റെ ക്രമവൽക്കരണ ഫീസ് 30,000(10000X3) രൂപ ഈടാക്കേണ്ടതാണ്.

മേൽ ടവർ കമ്പനികളിൽ നിന്നും നിയമപ്രകാരം ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ ക്രമവൽക്കരണ ഫീസ് ഈടാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-2 ബോട്ട്ജെട്ടി നിർമ്മാണത്തിന് ഭൂവികസന പെർമിറ്റ് -അനുമതിയിലും കൂടുതൽ മണ്ണ് നീക്കം ചെയ്തു

ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ ബോട്ട്ജെട്ടി നിർമ്മാണത്തിന് വേമ്പനാട്ട് കായലിനോട് ചേർന്ന് ഭൂവികസനത്തിനായി ശ്രീ.സോജി ജെ., ആലുംപറമ്പിൽ, ചീപ്പുങ്കൽ എന്ന വ്യക്തി 16.10.18 ൽ പെർമിറ്റിന് പ്ലാൻ സഹിതം അപേക്ഷിച്ചിരുന്നു. സെക്ഷനൽ പ്ലാൻ കൂടി ലഭ്യമാക്കണമെന്ന ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്ലാൻ പുതുക്കി സമർപ്പിക്കുകയും A2.5312/18/02.11.18 നമ്പർ പ്രകാരം 2.51 ആർ വിസ്തീർണ്ണത്തിൽ ഭൂവികസനത്തിനായി അനുമതി നൽകുകയും പ്ലാൻ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ് നൽകിയതിനനുസരിച്ചല്ല നിർമ്മാണമെന്ന് പരാതി വന്നിരിക്കുന്നതിനാൽ തുടർ നടപടികൾ നിർദ്ദേശിക്കുന്നതിനായി സെക്ഷൻ ഫയലിൽ നോട്ട് എഴുതുകയും 13.06.19ലെ A2-5312/18 നമ്പർ കത്ത് പ്രകാരം സെക്രട്ടറി നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു. അതിനുശേഷവും നിർമ്മാണപ്രവർത്തനങ്ങൾ തുടർന്ന് വരുന്നതായി പരാതി ലഭിച്ചതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റേഷൻ ഹൗസ് ഓഫീസർ വൈക്കത്തിന് 20.06.19 ൽ സെക്രട്ടറി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 02.07.19 ൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധന നടത്തിയതിൽ അനുമതി നൽകിയതിനേക്കാൾ കൂടുതൽ വിസ്തീർണ്ണത്തിൽ മണ്ണ് നീക്കം ചെയ്തതായും സ്ഥലത്ത് ഷട്ടർ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായും കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/02.07.19) മറുപടിയായി പെർമിറ്റ് അനുവദിച്ചതിലും അധികമായി നടത്തിയ പ്രവർത്തനങ്ങൾ തിട്ടപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി നീക്കം ചെയ്ത മണ്ണിന്റെ അളവ് സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ പരിശോധിച്ച് തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ ആവശ്യമായ ക്രമവൽക്കരണ ഫീസ് ഈടാക്കി തുടർനടപടികൾ നിരീക്ഷിക്കേണ്ടതുമാണ്.

## 2-5 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. 2018-19 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് നമ്പർ/പേര് | ലഭിച്ച | ടെൻഡർ ഫീസ് |
|---|---|---|---|

| നം. | | ടെൻഡറുകളുടെ എണ്ണം | നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | 46/19-പള്ളിപാലം ചെരുവള്ളി ശ്രീകണ്ഠേശ്വരം റോഡ് | 2 | 3,674 |
| 2 | 77/19-തോട്ടാപ്പള്ളി -കമൂച്ചൂർക്കാവ് കട്ടമട റോഡ് ടാറിംഗ് | 2 | 2,240 |
| 3 | 79/19-തോട്ടാപ്പള്ളി -കമൂച്ചൂർക്കാവ് കട്ടമട റോഡ് റീടാറിംഗ് | 2 | 2,240 |
| 4 | 89/19-വെച്ചൂർപ്പള്ളി റാണിമുക്ക് ഔട്ട്പോസ്റ്റ് റോഡ് മെറ്റലിംഗ് & ടാരിംഗ് | 2 | 3,764 |
| 5 | **64/19-മാമലശ്ശേരി കൊമ്പുങ്കൽ റോഡ് അറ്റകുറ്റപ്പണി** | 2 | 1,792 |
| 6 | 91/19-ആക്കത്ത് ക്കീലോത്തറ റോഡ് ടാറിംഗ്- | 2 | 1,792 |
| 7 | 96/19 പിണ്ടനേഴം-ചിരട്ടേപറമ്പ് റോഡ് റീ ടാറിംഗ് | 2 | 2,240 |
| 8 | 69/19 ബണ്ട് റോഡ് പാലയ്ക്ക റോഡ് ടാറിംഗ് | 2 | 2,016 |
| | **ആകെ** | | **19,758** |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. വെച്ചൂർ ഗ്രാമപഞ്ചായത്തിൽ എസ്.ബി.ഐ.യുടെ വെച്ചൂർ ബ്രാഞ്ചിൽ 37350642694 അക്കൗണ്ട് നമ്പരിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ടെൻഡർ ഫോം വിലയിനത്തിൽ 2018-19 വർഷം മാത്രം ലഭിക്കുവാനുള്ള 19,758/- രൂപയും മുൻവർഷങ്ങളിൽ ലഭ്യമാകാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ ടാപ്പുകൾ നിർത്തലാക്കൽ-വെള്ളക്കരമടവിൽ കുറവുണ്ടാകാത്തത്-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | 85/19 |
| നിർവ്വഹണോദ്യോഗസ്ഥൻ- | സെക്രട്ടറി |
| ചെലവഴിച്ച തുക(ബിൽ നം./തീയതി) | 50,000 (18090452093400421787/10.08.2018)<br>41,000( 18090452093400679475/22.10.18)<br>മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം |

ഗ്രാമപഞ്ചായത്തിലെ വെള്ളക്കരമടവാക്കിക്കൊണ്ടിരിക്കുന്ന 294 ടാപ്പുകളിൽ 108 എണ്ണം ഉപയോഗശൂന്യമായതിനാൽ 6/18ൽ സംയുക്തപരിശോധന നടത്തി കണക്ഷൻ വിച്ഛേദിക്കുന്നതിന് 12.06.2018ലെ A1/1161/18 നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ, പി.എച്ച്.ഡിവിഷൻ വൈക്കം ആവശ്യപ്പെട്ടതനുസരിച്ച് ഓഡിറ്റുവർഷം മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം ഫണ്ടിൽ നിന്നും 91,000 രൂപ വാട്ടർ അതോറിട്ടിയുടെ എസ്റ്റിമേറ്റ് പ്രകാരം കണക്ഷൻ വിച്ഛേദിക്കുന്നതിന് 10/18ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തികവർഷാവസാനം വരെ ഒന്നേകാൽ ലക്ഷം രൂപ വീതം വെള്ളക്കരമിനത്തിൽ അടവാക്കിയതായി കാണുന്നു. ഉപയോഗശൂന്യമായ ടാപ്പുകളുടെ

കണക്ഷൻ നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വെള്ളക്കരമിനത്തിൽ അധിക ചെലവ് ഒഴിവാക്കേണ്ടതാണ്.

## 3-2 അങ്കണവാടി നിർമ്മാണം-നാളിതുവരെ പ്രവൃത്തി പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷം തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി 3.5 ലക്ഷം രൂപയോളം ചെലവഴിച്ച് 9-ാം വാർഡിൽ 139 നമ്പർ അങ്കണവാടി നിർമ്മിച്ചിട്ടുണ്ട്. ചുറ്റുമതിൽകെട്ടൽ, ടൈൽ പതിയ്ക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് ഓഡിറ്റുവർഷം ടെൻഡർ ക്ഷണിച്ചിരുന്നെങ്കിലും പ്രസ്തുത വേലകൾ തുടർ സാമ്പത്തികവർഷമാണ് നടത്തുന്നതെന്ന് ഭൗതികപരിശോധനയിൽ നിന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ വാട്ടർ കണക്ഷനും കറന്റ് കണക്ഷനുമുള്ള പ്രവൃത്തികൾ 2019-20 വർഷത്തെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ 16 അങ്കണവാടികളിൽ 7 എണ്ണത്തിനുമാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. നാളിതുവരെ മേൽ അങ്കണവാടി നിർമ്മാണം പൂർത്തീകരിയ്ക്കാത്തതിനും നിർമ്മാണ പ്രവൃത്തികൾക്ക് പൂർണ്ണമായും എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനും വിശദീകണം ലഭ്യമാക്കേണ്ടതാണ്. ശിശു സൗഹൃദമായ രീതിയിൽ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-3 നിക്ഷേപപ്രവൃത്തികൾ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

വാർഷികപദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ, വൈദ്യുതലൈൻ ദീർഘിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുക നിർവ്വഹണ എജൻസികൾക്ക് കൈമാറി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള തുടർനടപടികളൊന്നും പിന്നീട് പഞ്ചായത്ത് സ്വീകരിക്കുന്നില്ല. ആയതിനാൽത്തന്നെ പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്നും പ്രവർത്തികളുടെ നിർവ്വഹണപുരോഗതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഓഡിറ്റ് വർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി നിർവ്വഹണഎജൻസികൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ76/19 | 21,33,003 | ----- | 21,33,003 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 1,59,687 | ----- | 1,59,687 |
| | ലൈൻ എക്സ്റ്റൻഷൻ | 1,05,588 | ---- | 1,05,588 |
| | ലൈൻ എക്സ്റ്റൻഷൻ | 72,579 | ------- | 72,579 |
| | ലൈൻ എക്സ്റ്റൻഷൻ | 1,28,834 | ----- | 1,28,834 |
| ആകെ | | | 25,99,691 | |

ചെലവ് തുകകളുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ആകെ തുകയായ 25,99,691/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത പക്ഷം നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ചെലവ് തുകയുടെ വിനിയോഗ വിശദാംശങ്ങൾ ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിയ്ക്കൽ - തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല

2012-13 കാലയളവിൽ തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കാൻ ഏറ്റെടുത്ത പദ്ധതിയ്ക്ക് വൈദ്യുതബോർഡിന്റെ എസ്റ്റിമേറ്റ് പ്രകാരം 42 വൈദ്യുതി മീറ്ററുകൾക്ക് മീറ്റർ ഒന്നിന് 10,600 രൂപ നിരക്കിൽ ആകെയുള്ള 4,45,200 രൂപയുടെ 50% തുകയായ 2,22,600 രൂപ വൈദ്യുതി ബോർഡിന്റെ വൈക്കം ഇലക്ട്രിക് സെക്ഷനിലുള്ള തലയാഴം വൈദ്യുതി

സെക്ഷനിൽ നിക്ഷേപിച്ചു. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും മീറ്ററുകൾ പ്രവർത്തിപ്പിക്കാനുള്ള കണക്ഷൻ ലഭ്യമായിട്ടില്ല. ഓഡിറ്റ് വർഷം മീറ്ററുകൾ പ്രവർത്തിപ്പിക്കാനുള്ള കണക്ഷൻ നൽകണമെന്നാവശ്യപ്പെട്ട് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്തയച്ചിട്ടുണ്ട് എന്നാൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കറന്റ് ചാർജ്ജിനത്തിൽ വൻ തുക തനതുഫണ്ടിൽ നിന്നും അടവാക്കിക്കൊണ്ടിരിയ്ക്കുന്നുമുണ്ട്. കമ്മറ്റിയുടെ സജീവശ്രദ്ധ ടി വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-5 ജീവിതശൈലീ രോഗനിർണ്ണയ സ്ക്രീനിംഗ് ക്യാമ്പ് -പ്രോജക്ട് നിർവ്വഹണത്തിന്റെ തുടർ വിവരങ്ങൾ ലഭ്യമല്ല

ഇടയാഴം സി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ ടി പ്രോജക്ട് (നം.32/19) പ്രകാരം ജെ.കെ.മേത്ത & സൺസ് എന്ന സ്ഥാപനത്തിൽ നിന്ന് ഗ്ലൂക്കോമീറ്റർ, വെയ്യിംഗ് മെഷീൻ, ഡിജിറ്റൽ ബി.പി.മോണിട്ടർ തുടങ്ങി 64,964 രൂപയുടെ ഉപകരണങ്ങളും ഷുഗർ ചെക്ക് സ്ലിപ്പുകളും വാങ്ങിയതായി കാണുന്നു. (ട്രഷറി ബിൽ 28/18-19 തുക-32,780, ട്രഷറി ബിൽ 44/18-19 തുക 32,184). ഉപകരണങ്ങളുടെ സ്റ്റോക്ക്, വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. കൂടാതെ പ്രോജക്ട് പ്രകാരം എപ്രകാരമാണ് രോഗനിർണ്ണയത്തിന്റെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കിയത് എന്നതിന്റെ വിവരങ്ങളും വിശദീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.5/28.6.19) മറുപടി ലഭ്യമാക്കിയില്ല. ബിൽ നമ്പർ 44/18-19 പ്രകാരം ചെലവഴിച്ച 32,184 രൂപയിൽ 17,300 രൂപയുടെ ചെലവുവിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുമില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 17,300 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വിവിധ വാർഡുകളിലെ കോളനികളിൽ തുമ്പൂർമുഴി മോഡൽ എയ്റോബിക്ക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് - നിർമ്മാണം ആരംഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. |
| പ്രോജക്ട് നം. | 124/19 |
| അടങ്കൽ | 12,00,000 |
| ചെലവ് | 2,40,000(ശുചിത്വമിഷൻ വിഹിതം) |
| ചെക്ക് നം. | 2137448/18.03.19 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ മൂന്ന് കോളനികളിൽ തുമ്പൂർമുഴി മോഡൽ എയ്റോബിക്ക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ IRTC-പാലക്കാട്എന്ന സ്ഥാപനവുമായി 14.02.19ൽ കരാറിൽ ഏർപ്പെടുകയും സ്ഥാപനം നൽകിയ എസ്റ്റിമേറ്റിന്റെ 20% തുകയായ 1,20,000 രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. 14.02.19 ൽ ഏർപ്പെട്ട കരാർ പ്രകാരം പൂർത്തീകണകാലാവധി ആറുമാസമാണ്. എന്നാൽ തുക കൈപ്പറ്റി നാലു മാസം കഴിഞ്ഞിട്ടും കമ്പോസ്റ്റ് യൂണിറ്റിന്റെ പണി ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന്(നം.6/1.7.2019) നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണം നാളിതു വരെ ആരംഭിക്കാത്തതിനാൽ ഏജൻസിക്ക് മുൻകൂർ നൽകിയ 1,20,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നം:45/19 പ്രകാരം മരുന്ന് വാങ്ങുന്നതിന് 2,49,873 രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. (ബിൽ നം:3/18-19). ഇതിൽ 1,89,482 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ശേഷിക്കുന്ന 60,391 രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് ഓഡിറ്റിൽ വിവരം അറിയിക്കുന്നതുവരെ 60,391 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ബസ്സ്റ്റാൻഡ് നിർമ്മാണത്തിനായുള്ള ഭൂമി- നാളിതുവരെ പ്രോജക്ട് ലക്ഷ്യം കൈവരിയ്ക്കാത്തത്

ഗ്രാമപഞ്ചായത്തിൽ ബസ്സ്റ്റാൻഡ് സ്ഥാപിക്കുന്നതിനായി 63.125 സെന്റ് സ്ഥലം 20.2.03 വർഷത്തിൽ 8,21,726

രൂപ ചെലവഴിച്ച് വാങ്ങിയിരുന്നു. പ്രസ്തുത ബസ്സ്റ്റാൻഡിലെ ചുറ്റുമതിൽ നിർമ്മാണം, മണ്ണ് ഫില്ലിങ്ങ് എന്നീ പ്രവർത്തികൾ ചെയ്യുന്നതിന് 7.09 ലക്ഷം രൂപ മുൻവർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഭൂമി വാങ്ങി 15 വർഷത്തിനു ശേഷവും ബസ്സ്റ്റാന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷം ഗേറ്റ് സ്ഥാപിച്ചതിന് തുക ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം 2.07.2019-ൽ നടത്തിയ പ്രാദേശികപരിശോധനയിൽ മതിലിന്റെ ഒരു ഭാഗം തകർന്നു കിടക്കുന്നതായി കണ്ടു. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെ തന്നെ ഫൈനൽ ബിൽ പേയ്മെന്റും നടത്തിയിരുന്നു. 31.10.2018 -ലെ കമ്മറ്റി തീരുമാനം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. തിരുമാനത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ബസ്സ്റ്റാൻഡ് നിർമ്മാണത്തിനായുള്ള ഭൂമി നിഷ്ക്രിയാസ്തിയായി അവശേഷിപ്പിയ്ക്കാതെ നിർമ്മാണപ്രവൃത്തികൾ ആരംഭിയ്ക്കേണ്ടതാണ്. ബസ്സ്റ്റാൻഡിന് സ്ഥലം വാങ്ങലുമായി ബന്ധപ്പെട്ട വിഷയത്തിൽ വിജിലൻസ് അന്വേഷണം/കേസ് നിലവിലുള്ളതായും അറിയുന്നു. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

# 3-9 ഗോവർദ്ധനം പ്രോജക്ട് - മാർഗ്ഗരേഖ പാലിക്കാതെ നിർവ്വഹണം നടത്തി, ഗോക്കളെ വാങ്ങിയതിന്റെ രേഖകളില്ല-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നം. | 127/19 |
| അടങ്കൽ | 5,50,000 |
| വികസന ഫണ്ട് | 2,50,000 |
| തനതുഫണ്ട് | 25,000 |
| ഗുണഭോക്തൃവിഹിതം | 2,75,000 |
| ചെലവ് | 2,75,000 |
| ബിൽ നം. | 1) എൽ.എസ്.ജി. ബിൽ നം.2/18-19/25.2.19/1,50,000 |
| | 2) എൽ.എസ്.ജി. ബിൽ നം.4/18-19/20.3.19/1,00,000 |
| | 3) ട്രഷറി ചെക്ക് നം.2137449/20.3.19/25,000 |

മേൽ പ്രോജക്ട് പ്രകാരം 11 പേർക്ക് 25,000 രൂപ വീതം ധനസഹായം നൽകുന്നതിന് 2,75,000 രൂപ ഇടയാഴം ക്ഷീരസഹകരണ സംഘത്തിന് നൽകിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും 5 ഗുണഭോക്താക്കൾ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റി പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മൃഗങ്ങളെ വാങ്ങേണ്ടതെന്നും ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിയത് അവരുടെ അക്കൗണ്ടിൽ സബ്സിഡി തുക നൽകണമെന്നും ജി.ഒ.(എം.എസ്.) 22/2018 തസ്വഭവ തീയതി 14.02.2018 നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമൊരു സമിതി രൂപീകരിച്ചതായോ നടപടിക്രമങ്ങൾ പാലിച്ച് ഉരുക്കളെ വാങ്ങിയതായോ കാണുന്നില്ല. സബ്സിഡി തുക ഇടയാഴം ക്ഷീരസഹകരണ സംഘത്തിന്റെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത്.

2) പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കളെ ഗ്രാമസഭ പ്രത്യേകം തെരഞ്ഞെടുത്തിട്ടില്ല. പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചത്. ഈ നടപടിക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിരുന്നെന്നും കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഇടയാഴം ക്ഷീരസഹകരണ സംഘത്തെ നിർവ്വഹണചുമതല ഏൽപ്പിച്ചതെന്നും ഗ്രാമസഭ ലിസ്റ്റിലുൾപ്പെട്ടവർക്കാണ് ആനുകൂല്യം നൽകിയതെന്നും അറിയിക്കുകയുണ്ടായി. എന്നാൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ, മിനിട്ട്സ് ബുക്ക്,

ക്ഷീരസംഘം ഉരുക്കളെ വാങ്ങിയതിന്റെ രേഖകൾ, തുക കൈമാറിയതിന്റെ വിശദാംശങ്ങൾ എന്നിവ മറുപടിയോടൊപ്പം ഹാജരാക്കിയില്ല. പദ്ധതി മാർഗ്ഗരേഖ പാലിക്കാതെ നിർവ്വഹണം നടത്തിയതിനുള്ള വിശദീകരണം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിനിർവ്വഹണത്തിൽ ഉദ്യോഗസ്ഥൻ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. മോണിറ്ററിങ്ങ് റിപ്പോർട്ടും ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്ടിന് ചെലവഴിച്ച 2,75,000 രൂപ തടസ്സപ്പെടുത്തുന്നു.

# 3-10 ഗുണഭോക്തൃ സമിതി നിർവ്വഹിച്ച പ്രോജക്ടുകൾ- കൺവീനർക്ക് അധികതുക നൽകി

ധനകാര്യ (ഇൻസ്&പി.ഡബ്ലിയു--ബി)വകുപ്പിന്റെ 14.12.16ലെ ഇൻഡ് & പി.ഡബ്ലിയു. ബി2/2666/2016 നമ്പർ സർക്കുലർ പ്രകാരം നികുതിവിഹിതങ്ങൾ അടവാക്കുന്നതിനുള്ള അധികതുകയ്ക്കാണ് ഗുണഭോക്തൃസമിതി വേലകൾക്ക് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നികുതി വിഹിതം അടയ്ക്കുന്നതിനുള്ള തുക ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക കുറച്ച് കരാറുകാരന് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്.

താഴെപറയുന്ന പ്രവർത്തികളുടെ ഡേറ്റാ പരിശോധിച്ചതിൽ 10% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു. വാറ്റ് ഒഴിവാക്കി 7/2017 ൽ ജി.എസ്.ടി. നിലവിൽ വരികയും കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാലും 3% ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ (ഐ.റ്റി 2%, വെൽഫയർഫണ്ട് 1%). ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യത്തിൽ നിന്നും ടി ഇനത്തിൽ വകയിരുത്തിയ 7.% കുറച്ച് വേലമൂല്യം കണക്കാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇത് ചെയ്യാതിരുന്നതു മൂലം വേലമൂല്യത്തിന്റെ 7% കൺവീനർക്ക് അധികമായി നല്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | കൺവീനർ | ആകെ വേലമൂല്യം | നികുതി അടയ്ക്കാൻ വകയിരുത്തിയ തുക/ കൺവീനർക്ക് അധികം നൽകിയ തുക | ബിൽ നമ്പർ/ തീയതി/ചെലവ് തുക |
|---|---|---|---|---|---|
| 1 | 104/19 കരിനിലം വള്ളംകുളം റോഡ് അറ്റകുറ്റപണി | ശശി പി.ആർ. | 2,65,629 | 18,594 | 1) ബിൽ നം.9/16.8.18/ 98,824<br>2) ബിൽ നം.15/26.11.18/ 1,66,805 |
| 2 | 129/19 കരിനിലം വള്ളംകുളം റോഡ് അറ്റകുറ്റപണി | ശശി പി.ആർ. | 88,878 | 6,221 | ബിൽ നം.14/31.10.18 |
| | **ആകെ** | | **3,54,507** | | |

നികുതി വിഹിതം അടവാക്കാനുള്ള തുകയിലധികം പിൻവലിച്ചതിനാൽ മേൽ പ്രോജക്ടുകളുടെ കൺവീനർമാർക്ക് അധികം തുക നൽകി. അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം

രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. കൺവീനർക്ക് അധികം നൽകിയ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടുകൾക്ക് ചെലവഴിച്ച 3,54,507 രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 ജി.എസ്.റ്റി. ഈടാക്കിയിട്ടില്ല- കരാറുകാർക്ക് അധികതുക നൽകി

CBEC സർക്കുലർ 65/39/2018-DOR തീയതി 14.09.2018 നമ്പർ സർക്കുലർ പ്രകാരം 1.10.2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകളുടെ ബില്ലിൽ നിന്നും 2% ജി.എസ്.റ്റി. ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് മുകളിൽ വേലമൂല്യം വരുന്ന താഴെപറയുന്ന പ്രവർത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.റ്റി. ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | കരാറുകാരൻ | ആകെ വേലമൂല്യം | ഈടാക്കേണ്ടിയിരുന്ന തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 59/19 അച്ചിനകം സബ് സെന്ററിന് മേൽക്കൂര മാറ്റൽ | സേവ്യർ സി. എം. | 3,14,231 | 6,285 | ബിൽ നം. 16/26.11.18 |
| 99/19 കൊടുതുരുത്ത്-മറ്റം എസ്.എൻ.ഡി.പി. വളച്ചക്കരി -വെച്ചൂർ റോഡും കലുങ്കും നിർമ്മാണം | ജോയൻ എ. ജെ. | 4,01,285 | 8,026 | ബിൽ നം. 17/26.11.18 |
| 44/19 ഓരുമുട്ട് നിർമ്മാണം | ഫിലിപ്പോസ് ടി.പി. | 2,63,153 | 5,263 | ബിൽ നം. 18/26.11.18 |
| 117/19 വിവിധ അങ്കണവാടികളുടെ നിർമ്മാണം | ഷാജി ജോസഫ് | 3,68,665 | 7373 | ബിൽ നം. 19/26.11.18 |

തുക ഈടാക്കാത്തതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേൽ കരാറുകാർ ടി പ്രവൃത്തികളുടെ ജി.എസ്.ടി. ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-12 ലൈഫ് ഭവന പദ്ധതി അവലോകനം

ലൈഫ് ഭവന പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 60 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിരുന്നു. ഇതിൽ 20 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 40 പേർ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. എസ്.സി. വിഭാഗത്തിൽ 16 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടതിൽ ഒരാൾ മാത്രമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഹഡ്കോ വായ്പ ഇനത്തിൽ ലഭിച്ച 70,58,167 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിന്റ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറക്ക് ഗുണഭോക്താവ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ പരിശോധന നടത്തി തുടർന്നുള്ള ഗഡു ധനസഹായം അനുവദിക്കേണ്ടതുമാണ്. എന്നാൽ ഭവനനിർമ്മാണത്തിന്റെ ഓരോ പൂർത്തിയായ ഘട്ടങ്ങൾക്കെല്ലാം സ്റ്റേജ് സർട്ടിഫിക്കറ്റും പരിശോധന റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-13 കൊടുതുരുത്ത്-മറ്റം-എസ്.എൻ.ഡി.പി. വളച്ചക്കരി വെച്ചൂർ റോഡും കലിങ്കും-ലോകബാങ്ക് ധനസഹായം പൂർണ്ണമായും നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടു. യഥാർത്ഥ

# വേലമൂല്യത്തിലധികം തുക ചെലവഴിച്ചു, നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 99/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 20,09,821 |
| 2018-19 വർഷം | വികസനഫണ്ട് |
| ചെലവ് | 3,68,665 |
| ബിൽ നം. | 17/26.11.18 |
| കരാറുകാരൻ | ഷാജി ജോസഫ് |
| കരാർ | 27/AE/LSGD-VCHR/16-17 dated 30.3.17 |
| അളവുപുസ്തകം | 18/16-17, 42/16-17 |

പിന്നോക്ക ഗ്രാമപഞ്ചായത്തുകൾക്കുള്ള ലോകബാങ്ക് ധനസഹായ പദ്ധതിയിൽ 1,25,00,000 രൂപ അടങ്കലിൽ 2016-17 വർഷം 98/17 നമ്പരായി തയ്യാറാക്കിയതാണ് ടി പ്രോജക്റ്റ്. ടെണ്ടർ നടപടികളിലൂടെ 93,24,144.86 രൂപ item rate ക്വോട്ട് ചെയ്ത ശ്രീ.ഷാജി ജോസഫ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ടിയാൻ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രോജക്റ്റിന്റെ ഫയൽ, അളവുപുസ്തകം എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) <u>മൂന്നാം പാർട്ട്ബില്ലിൽ വേലമൂല്യം തെറ്റായി കണക്കാക്കിയതിനാൽ യഥാർത്ഥ തുകയിൽ അധികം പിൻവലിച്ചു</u>

പ്രവൃത്തിയുടെ അളവുപുസ്തകം പരിശോധിച്ചതിൽ 76,23,445.42 രൂപയാണ് ആകെ വേലമൂല്യം. ഇതിൽ നിന്നും ഒന്നാം പാർട്ട്ബിൽ ഗ്രോസ് തുകയായ 24,22,133(വേലമൂല്യം)രൂപയും രണ്ടാം പാർട്ട് ബിൽ ഗ്രോസ് തുകയായ (വേലമൂല്യം)48,92,170 രൂപയും കുറവ് ചെയ്താൽ 3,09,122.42 രൂപയാണ് മൂന്നാം പാർട്ട്ബിൽ പ്രകാരം പിൻവലിക്കേണ്ട ഗ്രോസ് തുക. എന്നാൽ മൂന്നാം പാർട്ട്ബിൽ പ്രകാരം 3,68,665 രൂപ വേലമൂല്യം കണക്കാക്കി ടി തുക പിൻവലിച്ചതിനാൽ 59543 രൂപ യഥാർത്ഥ ചെലവിനധികരിക്കാനിടയാക്കി. മൂന്ന് പാർട്ട്ബില്ലുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയത്)

1) <u>ഒന്നാം പാർട്ട്ബിൽ (2017-18 വർഷം)</u>

| | |
|---|---|
| ആകെ വേലമൂല്യം | 24,22,153 |
| കുറയ്ക്കുക | |
| 10% റീട്ടെൻഷൻ | 2,42,215 |
| വാറ്റ് 4% | 96,886 |
| IT 1% | 24,222 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1% | 24,222 |
| നെറ്റ് തുക | 20,34,608 |

2) <u>രണ്ടാം പാർട്ട്ബിൽ</u>

| | |
|---|---|
| ആകെ വേലമൂല്യം | 73,14,323.04 |
| കുറയ്ക്കുക ഒന്നാം പാർട്ട്ബിൽ | 24,22,153 |
| നെറ്റ് | 48,92,170 |
| കുറയ്ക്കുക IT 1% | 48,922 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 48,922 |
| റീട്ടെൻഷൻ | 4,89,217 |

| | |
|---|---|
| നെറ്റ് തുക | 43,05,109 |

**2) മൂന്നാം പാർട്ട്ബിൽ**

| | |
|---|---|
| ആകെ വേലമൂല്യം | 3,68,665 രൂപ (2-ാം പാർട്ട്ബില്ലിന് ശേഷമുള്ള പ്രവൃത്തികളുടെ മൂല്യം തെറ്റായി കണക്കാക്കിയത്) |
| കുറയ്ക്കുക ഒന്നാം പാർട്ട്ബിൽ | 7623445.42 |
| IT 1% | 3,687 |
| KCWWF | 3,687 |
| നെറ്റ് തുക | 3,61,291 |

വേലമൂല്യത്തിലധികം തുക പിൻവലിക്കാനിടയായ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അധികം പിൻവലിച്ച തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**2) പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയില്ല. ലോകബാങ്ക് ധനസഹായം നഷ്ടമായി**

2017-18 വർഷം 93,24,144 രൂപയായിരുന്നു. ടി പ്രോജക്ടിനായി വകയിരുത്തിയിരുന്നത് (നം.35/18)30.3.17ൽ കരാറിൽ ഏർപ്പെട്ടിരുന്ന ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 140 ദിവസമായിരുന്നു. (സൈറ്റ് ഹാൻഡ് ഓവർ തീയതി ഫയലിൽ ലഭ്യമല്ല)യ 29.12.2017ൽ വേൾഡ് ബാങ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള കാലാവധി അവസാനിച്ചു. പ്രവൃത്തി ഭാഗികമായി നിർവ്വഹിച്ചതിനാൽ ടി തീയതിക്കുള്ളിൽ രണ്ട് പാർട്ട്ബില്ലുകൾ വഴി 73,14,323 രൂപ മാത്രമാണ് ചെലവഴിക്കാനായത്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 20,09,821 രൂപയുടെ ഫണ്ട് ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

**3) പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല-ഫൈൻ ഈടാക്കിയിട്ടില്ല**

കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിശ്ചിത നിരക്കിൽ പിഴ ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല.

**4) കരാർ പ്രകാരമുള്ള എല്ലാ ഇനങ്ങളും നിർവ്വഹിച്ചില്ല. പ്രവൃത്തി ഉപേക്ഷിച്ചു**

സമയപരിധി പാലിച്ച് പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ ലോകബാങ്ക് ധനസഹായം നഷ്ടമാകുകയും വരുമാനം കുറഞ്ഞ പഞ്ചായത്തായതിനാൽ തനതുഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്തതിനാലും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29.9.2018ൽ കൂടിയ കമ്മറ്റി പ്രവൃത്തി ഉപേക്ഷിക്കാനും കരാറുകാരന്റെ പാർട്ട്ബില്ലുകളിൽ നിന്നുള്ള റീട്ടെൻഷൻ തുക തിരികെ നൽകാനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 7,31,432 രൂപ കരാറുകാരന് തിരികെ നൽകി(ചെക്ക് നം.2131414/12.11.18). എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട റോഡ് നിർമ്മാണത്തിന്റെ ഇനങ്ങൾ കരാറുകാരൻ നിർവ്വഹിച്ചിരുന്നില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട എല്ലാ ഇനങ്ങളും സമയപരിധിക്കുള്ളിൽ നിർവ്വഹിക്കാനുള്ള ബാദ്ധ്യത കരാറുകാരനാണ്. ഇതിൽ വീഴ്ച വരുത്തിയ കരാറുകാരനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കി റീട്ടെൻഷൻ തിരികെ നൽകിയ നടപടി ക്രമവിരുദ്ധമാണ്. പൊതുമരാമത്ത് മാന്വൽ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി വിഷയം ഗൗരവമായി കണക്കാക്കി പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. യഥാർത്ഥ ചെലവിലധികം പിൻവലിച്ച 59,543 രൂപ(368665-309122) ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, കോട്ടയം | 13.08.2018 | 15,90,576 | ലൈഫ് മിഷൻ | 15,90,576 | - |
| | 22.09.2018 | 10,51,659 | ലൈഫ് മിഷൻ | 10,51,659 | - |
| | 05.09.2018 | 87,500 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 87,500 | - |
| | 23.07.2018 | 3,50,000 | അങ്കണവാടി പോഷകാഹാരം | 3,50,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 11.01.2019 | 5,00,000 | നെൽകൃഷിയ്ക്ക് കൂലിചെലവ് | 5,00,000 | - |
| | 18.09.2018 | 50,000 | അങ്കണവാടി പോഷകാഹാരം | 50,000 | - |
| | 5.09.2018 | 87,500 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 87,500 | - |
| | 13.08.2018 | 7,03,190 | ലൈഫ് മിഷൻ | 7,03,190 | - |
| | 13.08.2018 | 3,44,615 | ലൈഫ് മിഷൻ | 3,44,615 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.ഡബ്ള്യൂ.എ | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ85/19 | 91,000 | -- | 91,000 |
| | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ76/19 | 21,33,003 | -- | 21,33,003 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 1,59,687 | -- | 1,59,687 |
| | ലൈൻ എക്സ്റ്റൻഷൻ | 1,05,588 | -- | 1,05,588 |
| | ലൈൻ എക്സ്റ്റൻഷൻ | 72,579 | -- | 72,579 |
| | ലൈൻ എക്സ്റ്റൻഷൻ | 1,28,834 | -- | 1,28,834 |
| ഐ.ആർ.റ്റി.സി | തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് | 2,40,000 | -- | 2,40,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനായത് | തൻ വർഷം ലഭിച്ച വായ്പ | തിരിച്ചടച്ച തുക | | ബാലൻസ് |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. ലോൺ ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.)68/18 എൽ.എസ്.ജി.ഡി. തീയതി 18.5.18 | 70,58,167 | -- | 70,58,167 | -- | -- | 70,58,167 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,18,78,714 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,06,09,868 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 59,543 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 33,66,498 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-13 | | 59,543 | ശ്രീമതി മായാദേവി പി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 25,99,691 | ശ്രീ.സന്തോഷ്കുമാർ ജി., സെക്രട്ടറി |
| 3-5 | 17,300 | ഡോ.ജി.ഐ).സ്വപ്ന, മെഡിക്കൽ ഓഫീസർ |
| 3-6 | 1,20,000 | ശ്രീ.റോമി കെ.ഡി., വി.ഇ.ഒ. |
| 3-9 | 2,75,000 | ശ്രീ.മനോജ്കുമാർ എം., ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-10 | 3,54,507 | ശ്രീമതി മായാദേവി പി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| ആകെ | 33,66,498 |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മായാദേവി പി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തലയാഴം ഗ്രാമപഞ്ചായത്ത് | സാഗർമഠം, എസ്.എൻ.പുരം പി.ഒ., ചേർത്തല |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ.എഫ്.കെ.പി5/562/00/8.6.04/3.9.04 | 2 |
| 2002-03 ചെലവ് | കെ.എസ്.എ-കെ.ടി.എം പി6/അദാ.18/33(4)/ 18/08.01.18 | 1 |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എംപി6/418/15/4.1.16 | 9 |
| 2003-04 വരവ് | എൽ.എഫ്.കെ.പി.6/അദാ.18/33(5)/18/08.01.18 | 1 |
| 2004-05 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി6/1548(b)/16/02.04.17 | 1 |
| 2004-05 വരവ് | എൽ.എഫ്.കെ.പി.7/190/10/19.3.10 | 8 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(7)/ 18/08.01.18 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(9)/ 18/08.01.18 | 1 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(10)/ 18/08.01.18 | 1 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(11)/ 18/08.01.18 | 1 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(12)/ 18/08.01.18 | 5 |
| 2012-13, 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/816/03.10.16 | 5 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/1498/16/31.01.17 | 10 |
| | | |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1676/16/9.11.17 | 13 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/1394/17/05.12.17 | 14 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി6/1412/2018 13.08.18 | -- |

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**കെ.എസ്.എ-കെ.ടി.എം.പി6/1011/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**

**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി: 23.08.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**